## പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ :2481**

**9/12/2014 ൽ മറുപടിയ്ക്ക്**

### സംസ്ഥാനത്ത് നാടൻ തോട്ടണ്ടിയുടെ ഉല്പാദനവും സംഭരണവും

**ചോദ്യം**

**ശ്രീ.കെ.എൻ.എ.ഖാദർ**

**ഉത്തരം**

**ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി**

**(ബഹു.വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി)**

(എ) സംസ്ഥാനത്ത് നാടൻ തോട്ടണ്ടിയുടെ സംഭരണം ഉൽപാദനത്തിന്റെ എത്ര ശതമാനമാണ് ;

(എ) ഡയറക്ടറേറ്റ് ഓഫ് കാഷ്യുനട്ട് ആന്റ് കൊക്കോ ഡവലപ്പ്മെന്റ്(ഡി.സി.സി.ഡി) യുടെ കണക്കുകൾ പ്രകാരം കേരളത്തിലെ കഴിഞ്ഞ 3 വർഷത്തെ തോട്ടണ്ടിയുടെ ആഭ്യന്തര ഉല്പാദനം ചുവടെ ചേർക്കും പ്രകാരമാണ്.

| വർഷം | വിസ്തൃതി (ഹെക്ടർ) | ഉല്പാദനം (മെട്രിക് ടൺ) |
|---|---|---|
| 2011-12 | 83000 | 73000 |
| 2012-13 | 84880 | 76960 |
| 2013-14 | 84930 | 83120 |

ആഭ്യന്തരമായി ഉല്പാദിപ്പിക്കുന്ന തോട്ടണ്ടി മുഴുവനും (100%) കേരളത്തിലെ കശുവണ്ടി വ്യവസായത്തിൽ തന്നെ സംസ്കരിക്കുന്നുണ്ട്.

(ബി) സ്വകാര്യ സ്ഥാപനങ്ങൾ നാടൻ തോട്ടണ്ടി പരമാവധി സംഭരിക്കുമ്പോൾ ഇറക്കുമതി ചെയ്ത തോട്ടണ്ടിയുടെ സംഭരണത്തിന് പ്രാധാന്യം നൽകുന്നതായുള്ള റിപ്പോർട്ടുകൾ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ;

(ബി) ഇന്ത്യയിൽ ആകെ പ്രതിവർഷം 16 ലക്ഷം മെട്രിക് ടൺ തോട്ടണ്ടി സംസ്കരണത്തിന് ആവശ്യമാണ്. ഇതിൽ ആഭ്യന്തര ഉല്പാദനം 8 ലക്ഷം മെട്രിക് ടണ്ണിൽ താഴെയാണ്. കുറവു വരുന്ന 50% ത്തിന് ഇറക്കുമതിയെ ആശ്രയിക്കുന്നു. കഴിഞ്ഞ 3 വർഷത്തെ ഇന്ത്യയിൽ ഇറക്കുമതി ചെയ്ത തോട്ടണ്ടിയുടെ അളവ് ചുവടെ ചേർക്കുന്നു.

| വർഷം | അളവ് (മെട്രിക് ടൺ) |
|---|---|
| 2011-12 | 809825 |
| 2012-13 | 892365 |
| 2013-14 | 771356 |

കശുവണ്ടി വികസന കോർപ്പറേഷനും കാപെക്സും പ്രോസസിംഗിന് ഇറക്കുമതി തോട്ടണ്ടിയെയാണ് പ്രധാനമായും ആശ്രയിക്കുന്നത്. ഫെബ്രുവരി മുതൽ ഏപ്രിൽ വരെയാണ് സംസ്ഥാനത്ത് നാടൻ തോട്ടണ്ടി ലഭിക്കുന്നത്. എന്നാൽ വർഷം മുഴുവനും സംസ്കരണം നടത്തണമെങ്കിൽ ഇറക്കുമതി തോട്ടണ്ടിയെ ആശ്രയിക്കേണ്ട സാഹചര്യമാണുള്ളത്. സംസ്കരണശേഷി സമീപകാലത്തായി വർദ്ധിച്ചിട്ടുള്ളതിനാൽ തോട്ടണ്ടി ഇറക്കുമതിയും ആനുപാതികമായി ഉയർന്നിട്ടുണ്ട്.

(സി) സംസ്ഥാനത്തെ തോട്ടണ്ടി ഗുണമേന്മയിൽ ലോകത്തിൽ ശ്രേഷ്ഠമായതാണെന്ന റിപ്പോർട്ടുകൾ നിലനിൽക്കുന്ന സാഹചര്യത്തിൽ നാടൻ തോട്ടണ്ടിയുടെ പരമാവധി സംഭരണത്തിന് നടപടി സ്വീകരിക്കുമോ ?

(സി) കശുവണ്ടി വികസന കോർപ്പറേഷൻ നാടൻ തോട്ടണ്ടി സംഭരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്. എല്ലാ സീസണിലും കാപെക്സ് നാടൻ തോട്ടണ്ടി പരമാവധി സംഭരിച്ചുവരുന്നുണ്ട്.

സെക്ഷൻ ഓഫീസർ